## ഇന്ത്യ ഫൗണ്ടേഷൻ ഫോർ ദ ആട്സിന്റെ (IFA) ആട്സ് റിസേർച് പ്രോഗ്രാമിലേക്ക് പ്രൊപോസൽ അയയ്ക്കാനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

**പ്രൊപോസൽ അപേക്ഷിക്കേണ്ട അവസാന തീയതി:**
**Wednesday, August 16, 2023, 11:59 PM (IST)**

ഇന്ത്യയിലെ കലാപരമായ സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട വിവിധ ചരിത്രങ്ങളെക്കുറിച്ചും ആവിഷ്കാരങ്ങളെക്കുറിച്ചും ഗവേഷണം നടത്തുന്നതിനായി പണ്ഡിതന്മാരെയും ഗവേഷകരെയും കലാപരിശീലകരെയും ആർട്സ് റിസർച്ച് പ്രോഗ്രാം പ്രോത്സാഹിപ്പിക്കുന്നു. കലയിലുള്ള കാഴ്ചപ്പാടുകൾ, ധാരണകൾ, വ്യാഖ്യാനങ്ങൾ, ഇടപഴകലുകൾ എന്നിവ കുറേക്കൂടി വിശാലമായ ഒരു തലത്തിലേക്ക് വളർത്തിയെടുക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

ഇന്ത്യ ഫൗ ഷൻ ഫോർ ദ ആട്സിന്റെ (IFA) ആർട്സ് റിസർച്ച് പ്രോഗ്രാമിലേക്ക് ഗവേഷണ പദ്ധതികൾ നിർവ്വഹിക്കാൻ താൽപ്പര്യമുള്ള ഗവേഷകരിൽ നിന്നും കലാപ്രവർത്തകരിൽ നിന്നും പ്രൊപോസലിനായുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. പാർശ്വവത്ക്കരിക്കപ്പെട്ടതോ താരതമ്യേന പര്യവേക്ഷണം ചെയ്യപ്പെടാത്തതോ ആയ മേഖലകളെ അന്വേഷിക്കുന്നതും; സിദ്ധാന്തവും പ്രയോഗവും സമ്മേളിക്കുന്ന ഒരു സംവാദസ്ഥലം സൃഷ്ടിക്കുന്നതും കലാപരമായ പരിശീലനങ്ങളുടെ പുതിയ വായനകൾ വാഗ്ദാനം ചെയ്യുന്നതും; വിഷയാന്തർ സ്വഭാവത്തിലൂന്നിയതും പുതിയ ആശയലോകങ്ങൾ സൃഷ്ടിക്കുന്നതുമായ പദ്ധതികളാണ് സ്വാഗതം ചെയ്യുന്നത്.

പൊതുജനസമക്ഷം പങ്കിടാൻ സാധിക്കുന്നതും, വ്യക്തമായ ഗവേഷണ ലക്ഷ്യങ്ങളുള്ളതും, ആഴത്തിലുള്ള പശ്ചാത്തല പഠനങ്ങൾ നിർവഹിക്കപ്പെട്ടതും, വിമർശനാത്മകമായ ഗവേഷണ ചോദ്യങ്ങൾ ഉയർത്തുന്നതും, ഊർജ്ജസ്വലമായ രീതിശാസ്ത്രങ്ങൾ സ്വീകരിച്ചതും, നിർദ്ദിഷ്ട ഫലങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ളതുമായ ഗവേഷണ പദ്ധതികൾക്കാണ് മുൻഗണന. പുസ്തകങ്ങൾ, ഉപന്യാസങ്ങൾ, സിനിമകൾ, വെബ്സൈറ്റുകൾ, മൾട്ടിമീഡിയ എക്സിബിഷനുകൾ തുടങ്ങി വിവിധ രൂപങ്ങളിൽ ഗവേഷണഫലങ്ങൾ പ്രകാശിപ്പിക്കാവുന്നതാണ്.

പ്രൊപോസലുകൾക്കായുള്ള ഈ അപേക്ഷയുടെ മറ്റ് ഇന്ത്യൻ ഭാഷകളിലുള്ള വിവർത്തനം വായിക്കാൻ, ഇവിടെ ക്ലിക്ക് ചെയ്യുക

**പദ്ധതിയുടെ കാലാവധി:**

നിങ്ങളുടെ പദ്ധതിക്ക് കുറഞ്ഞത് ഒരു വർഷവും പരമാവധി പതിനെട്ട് മാസങ്ങളും കാലാവധി ഉണ്ടായിരിക്കുന്നതാണ്.

**ബജറ്റ്:**

നിങ്ങൾക്ക് പരമാവധി 5,00,000/- രൂപ വരെ പദ്ധതിക്കായി ബജറ്റ് തയ്യാറാക്കാവുന്നതാണ്.

**പ്രൊപോസൽ അപേക്ഷിക്കേണ്ട അവസാന തീയതി:**

**Wednesday, August 16, 2023, 11:59 PM (IST)**

**ആർക്കൊക്കെയാണ് അപേക്ഷിക്കാൻ കഴിയുക?**

വ്യക്തിഗത പണ്ഡിതന്മാർ, ഗവേഷകർ, കലാപരിശീലകർ തുടങ്ങി ഏതു മേഖലകളിൽ നിന്നുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. ഇന്ത്യൻ പൗരൻമാർക്കാണ് അപേക്ഷിക്കാൻ അർഹതയുള്ളത്. നിങ്ങളുടെ സഹകാരികളും ഇന്ത്യൻ പൗരന്മാരാകേണ്ടതുണ്ട്. (യോഗ്യതാ മാനദണ്ഡത്തെക്കുറിച്ച് കൂടുതലറിയാൻ, ദയവായി ഇവിടെ ക്ലിക്കുചെയ്യുക.

**അപേക്ഷാ നടപടി ക്രമങ്ങൾ:**

**നിങ്ങളുടെ അന്തിമ പ്രൊപോസലിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തുക:**

- വ്യക്തമായ ഗവേഷണ ലക്ഷ്യങ്ങൾ, ആഴത്തിലുള്ള പശ്ചാത്തല സർവേ, നിർണായകമായ ഗവേഷണ ചോദ്യങ്ങൾ, ഊർജസ്വലമായ രീതിശാസ്ത്രങ്ങൾ, നിർദ്ദിഷ്ട ഫലങ്ങൾ തുടങ്ങിയവ പ്രൊപോസലിന്റെ ഉള്ളടക്കത്തിൽ ചേർക്കേണ്ടതാണ്

- നിങ്ങളുടെ ഗവേഷണത്തെ ക്രിയാത്മകമായി പ്രതിഫലിപ്പിക്കാൻ ശേഷിയുള്ളതും പിന്തുണയ്ക്കുന്നതുമായ സഹായക സ്രോതസ്സുകൾ

- നിങ്ങളുടെ വിശദമായ ബയോഡാറ്റ

- ഫണ്ടുകൾ എങ്ങനെ വിനിയോഗിക്കുമെന്ന് വിശദീകരിക്കുന്ന ബഡ്ജറ്റിന്റെ വിശദമായ പകർപ്പ്. കൂടാതെ മറ്റ് സ്രോതസ്സുകളിൽ നിന്ന് ഫണ്ടിംഗ് പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ അതും സൂചിപ്പിക്കാവുന്നതാണ്.

- നിങ്ങളുടെ മേൽവിലാസം, ഫോൺ നമ്പർ, ഇമെയിൽ വിലാസം തുടങ്ങിയവയും ചേർക്കുക

**പൊതുവിവരം:**

- ഞങ്ങളുടെ ഫണ്ടുകൾ പ്രോജക്റ്റുമായി ബന്ധപ്പെട്ട വ്യക്തിഗത ചെലവ്, യാത്ര, മറ്റ് പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് മാത്രമേ ഉപയോഗിക്കാൻ കഴിയൂ. ആവശ്യമെങ്കിൽ മാത്രം ഉപകരണങ്ങൾ വാടകയ്ക്കെടുക്കുന്നതിനും സാധനസാമഗ്രികൾ കൈകാര്യം ചെയ്യുന്നതിനും മിതമായ നിരക്കിൽ ഫണ്ട് വകയിരുത്താവുന്നതാണ്. ബജറ്റിലെ ഓരോ നിർദ്ദിഷ്ട ഇനങ്ങളും പ്രോജക്റ്റുമായി ബന്ധപ്പെട്ട ചെലവുകളുമായി ബന്ധപ്പെടുത്തി മാത്രമേ തയ്യാറാക്കാൻ പാടുള്ളൂ.

- നിർദ്ദിഷ്ട ബഡ്ജറ്റിന്റെ 35% കവിയാത്ത ഒരു ഓണറേറിയത്തിനായി നിങ്ങൾക്ക് അഭ്യർത്ഥിക്കാം.

- സ്ഥാപനപരമായ മീതിചിലവുകൾക്കോ, കെട്ടിട നിർമ്മാണ ചെലവിനോ, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോ ദയവായി ബജറ്റ് വിനിമയം ചെയ്യരുത്. ഉപകരണങ്ങൾ വാങ്ങുന്നതിനെ ഞങ്ങൾ പിന്തുണയ്ക്കുന്നതല്ല, എന്നാൽ പദ്ധതിയുടെ പൂർത്തീകരണത്തിന് ഉപകരണങ്ങൾ നിർബന്ധമാണെങ്കിൽ, പദ്ധതി പൂർത്തിയായ ശേഷം വാങ്ങിയ ഉപകരണങ്ങൾ ഐഎഫ്എയിലേക്ക് തിരികെ നൽകേണ്ടതാണ്

**തെരഞ്ഞെടുപ്പ് പ്രക്രിയ:**

ഷോർട്ട്ലിസ്റ്റ് ചെയ്ത പ്രോജെക്റ്റുകൾ ഒരു ബാഹ്യപാനൽ വിലയിരുത്തുന്നതോടൊപ്പം അപേക്ഷകർ അവരുടെ പ്രോജക്റ്റ് ആശയങ്ങൾ പാനലിൽ അവതരിപ്പിക്കേണ്ടതുണ്ട്. നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്ത പ്രോജക്റ്റുകൾ 2023 ഡിസംബറിൽ പ്രഖ്യാപിക്കും. പ്രോജക്റ്റ് തിരഞ്ഞെടുക്കൽ സംബന്ധിച്ച് ഐഎഫ്എയുടെ തീരുമാനം അന്തിമമായിരിക്കും.

**അപേക്ഷാ നടപടി ക്രമങ്ങൾ:**

- നിങ്ങളുടെ പ്രൊപോസൽ ഇംഗ്ലീഷ് ഉൾപ്പെടെ ഏത് ഇന്ത്യൻ ഭാഷയിലും എഴുതാവുന്നതാണ്. വിവിധ ഭാഷകളിലുള്ള കലാവ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇംഗ്ലീഷിനൊപ്പം ഇതര ഇന്ത്യൻ ഭാഷകളിൽ തയ്യാറാക്കിയ പദ്ധതികൾ ഐഎഫ്എ പ്രത്യേകമായി പരിഗണിക്കുന്നു.
- നിങ്ങളുടെ പ്രൊപോസൽ അയയ്ക്കുന്നതിന് മുമ്പ് പ്രോജക്റ്റ് ആശയങ്ങൾ ചർച്ച ചെയ്യണമെങ്കിലോ അതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ആരായണമെങ്കിലോ, 2023 ജൂലൈ 31 തിങ്കളാഴ്ചയ്ക്ക് മുമ്പ്, harshita@indiaifa.org എന്ന വിലാസത്തിൽ, ആർട്സ് റിസർച്ചിലെ പ്രോഗ്രാം ഓഫീസർ ഹർഷിത ബത്വാളിന് 'കലാഗവേഷണത്തിനുള്ള പ്രോജക്ട് നിർദ്ദേശം' എന്ന സബ്ജക്റ്റ് ലൈൻ ചേർത്ത് ഇമെയിൽ അയക്കുക.
- നിങ്ങളുടെ അന്തിമ പ്രൊപോസലും, അതിനെ പിന്തുണയ്ക്കുന്ന എല്ലാ രേഖകളും സഹിതം, 25 MB-യിൽ കൂടാത്ത ഒറ്റ ഇമെയിലായി harshita@indiaifa.org എന്ന വിലാസത്തിലേക്ക് 2023 ഓഗസ്റ്റ് 16 ബുധനാഴ്ചയോ അതിന് മുമ്പോ 11:59 PM (IST) സമർപ്പിക്കേണ്ടതാണ്.

അപൂർണ്ണമായ പ്രൊപോസലുകളും യോഗ്യതാ മാനദണ്ഡത്തിൽ പെടാത്ത അപേക്ഷകളും പരിഗണിക്കുകയില്ലെന്ന് ദയവായി ശ്രദ്ധിക്കുക.

തിരഞ്ഞെടുത്ത എല്ലാ പദ്ധതികളും ഐഎഫ്എ നടപ്പിലാക്കും.

***കുട്ടികൾ ഉൾപ്പെടെ എല്ലാ പൗരന്മാരെയും പിന്തുണയ്ക്കുകയും ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കാൻ IFA പ്രതിജ്ഞാബദ്ധമാണെന്ന കാര്യം ശ്രദ്ധിക്കുക. അപേക്ഷകർ ഇതുമായി പൊരുത്തപ്പെടുകയും എല്ലായ്പ്പോഴും അത്തരമൊരു ആശയത്തെ ഉയർത്തിപ്പിടിക്കുകയും വേണം.***

***ബിഎൻപി പാരിബാസ് ഇന്ത്യയുടെ പിന്തുണയോടെയാണ് ആർട്സ് റിസർച്ച് പ്രോഗ്രാം സാദ്ധ്യമാക്കിയിരിക്കുന്നത്.***